(എ) കുന്നത്തുനാട്ട് താലൂക്ക് കിഴക്കമ്പലം പകുതി സപ്ലൈത്ത് ഇംഗ്ലീഷ് മീഡിൽ സ്കൂൾ അദ്ധ്യാപകനായിരുന്ന ശ്രീ. എൻ. എ. വക്കി എന്ന വ്യാരെ സസ്പെൻഡ് ചെയ്തിട്ടുണ്ടോ;

(ബി) അതിനു കാരണമെന്തു;

(സി) അദ്ദേഹത്തിന്റെ പേരിലുള്ള പരാതിയെപ്പറ്റി അന്വേഷിച്ചുതാരാണു;

(ഡി) ആ അദ്ധ്യാപകനു പകരം അവിടെ ആരെ നിയമിച്ചു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ട്.

(ബി) സ്വഭാവവൈകൃത്യം.

(സി) അതിനു മുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ.

(ഡി) ശ്രീ. പി. ശങ്കുണ്ണിപ്പിള്ള.

ഊട്ടുകുർ സെറ്റിൽമെന്റ്

൯൪ (൧൨) ശ്രീ. ശങ്കരൻനാടാർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഊട്ടുകുർ സെറ്റിൽമെന്റ് സംബന്ധിച്ച് നെയ്യാറ്റിൻകര താലൂക്കിൽ ഓരോ പകുതിയിലും എത്ര കേസുവീതം എടുത്തു എന്നും, അതിൽ എത്രയിൽ വീതം കക്ഷികൾ പത്രിക ഹാജരാക്കി എന്നും പറയുവാൻ ദയവുണ്ടാകുമോ;

(ബി) പത്രിക ഹാജരാക്കിയ കേസുകളിൽ എത്രയെണ്ണം തർക്കമുള്ളതെന്നും തർക്കമുള്ളതിൽ എത്ര കേസു തീർത്തു എന്നും, പറയുവാൻ ദയവുണ്ടാകുമോ;

(സി) തർക്കപ്പെട്ട കേസുകളിൽ ഏതെങ്കിലും സെറ്റിൽമെന്റ് ആഫീസർ സ്ഥലം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു ഏതു സ്ഥലമെന്നും ഇല്ലെങ്കിൽ അതിനു കാരണമെന്തെന്നും പറയുവാൻ ദയവുണ്ടാകുമോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ), (ബി) വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വെച്ചിട്ടുണ്ട്.

(സി) ഉണ്ട്. പള്ളിച്ചൽ പകുതിയിൽ സർവ്വേ ൨൨൭/൧, ൧൩൭/൧൧ ബി, ൨൩/൨ എന്നീ നമ്പരുകൾ പരിശോധിച്ചിട്ടുണ്ട്. മറ്റു സ്ഥലങ്ങൾ പരിശോധിക്കാൻ ആവശ്യമോ അപേക്ഷയോ ഉണ്ടായിട്ടില്ല.

***Vide Answer to Parts (a) and (b) of interpellation No. [12]**

(എ) പകുതി	എടുത്ത കേസ്സുകൾ	പത്രിക ഹാജരാക്കിയ കേസ്സുകൾ
കുളത്തൂർ	1098	216
ചെങ്കൽ	1200	420
കൊല്ലയിൽ	226	186
പാറശാല	1081	475
കുന്നത്തുകാൽ	1028	131
നെയ്യാറ്റിൻകര	1054	571
ഒറ്റശേഖരമംഗലം	102	71
പെരുങ്കടവിള	986	321
അതിയന്നൂർ	753	412

LIBRARY ARCHIVES Kerala Legislative Assembly

തിരുപുറം	1223	427
കരുംകുളം	887	509
മാരനല്ലൂർ	274	121
തിരുവല്ലം	584	212
നേമം	640	163
പള്ളിച്ചൽ	516	214
വിളപ്പിൽ	494	186
മറുകിൽ	198	81
കോട്ടുകാൽ	833	397

(ബി) പകുതി	പത്രിക സ്വീകരിക്കുന്നതിൽ തക്കമുള്ള കേസുകൾ	തക്കമുള്ളതിൽ തീർപ്പ് കേസുകൾ
കളത്തൂർ	171	5
ചെങ്കൽ	257	..
കൊല്ലയിൽ	80	..
പാറശാല	187	7
കുന്നത്തുകാൽ	80	2
നെയ്യാറിൻകര	170	4
ഒറശേഖരമംഗലം	12	..
പെരുങ്കടവിള	120	2
അതിയന്നൂർ	57	4
തിരുപുറം	212	8
കരുംകുളം	251	..
മാരനല്ലൂർ	21	2
തിരുവല്ലം	15	4
നേമം	51	4
പള്ളിച്ചൽ	86	6
വിളപ്പിൽ	36	2
മറുകിൽ	10	..
കോട്ടുകാൽ	115	3

തിരുവാംകുളം ജയ്ഹിന്ദ് ആയുർവ്വേദ വിഷവൈദ്യ ഫാർമസി

൯൫. (ശ്രീ) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആയുർവ്വേദ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവാംകുളം ജയ്ഹിന്ദ് ആയുർവ്വേദ വിഷവൈദ്യ ഫാർമസി (Grant-in-aid) ഒന്നാം ഗ്രെയിഡ് ആക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ര കുറിപ്പ് കൊച്ചി പ്രധാനമന്ത്രി അവർകൾക്ക് തിരുവാംകുളം വില്ലേജ് കോൺഗ്രസ്സ് കമ്മറ്റിയിൽനിന്നു് മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ടി മെമ്മോറാണ്ടത്തിനു് ശ്രീ. ര൯ ഏപ്രിൽ വ്യാഴം പി. എച്ച്. നമ്പർ ശ്രീ വെ. ര നമ്പരായി ഒരു കല്പന അന്നത്തെ ചീഫ് സെക്രട്ടറി നൽകുകയുണ്ടായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly